മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപേക്ഷകരും വരുമ്പോൾ അല്ലെ എതു രീതിയിലുള്ള താണന്നറിയാൻ നിവർത്തിയുള്ളൂ. അപേക്ഷകരും വരുമ്പോൾ അതിനെപറ്റി ആലോചിക്കാം.

മിസ്റ്റർ ടി. എസ്സ്. ബന്ധു: ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെണ്ടിൽ നിന്നു ൨ ൦ കൊല്ലം സർവ്വിസുള്ള ആളുകളെ കൂടി പിരിച്ചുവിട്ടിട്ടുണ്ട്. അതേ അവസരത്തിൽ മറ്റു ചില ഡിപ്പാർട്ടുമെണ്ടുകളിൽ അനാവശ്യമായ ചില തസ്തികകളും വച്ചുകൊണ്ടിരിക്കുന്നുണ്ട്. ഉദാഹരണമായി പോലീസ് കമ്മീഷണറാപ്പീസിൽ ഹെഡ് ക്ലാർക്ക്, മാനേജർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് ഇങ്ങിനെ പല തസ്തികകളും ഉണ്ട്. ഇതിൽ പലതും അനാവശ്യമായിട്ടുള്ളതാണ്. ഇതിൽ പലതും നിർത്തൽ ചെയ്യണം. റിട്രെഞ്ചുമെൻറിൻെറ ഉദ്ദേശം തന്നെ ഉദ്യോഗങ്ങൾ കുറയ്ക്കുക എന്നുള്ളതാണല്ലൊ. അതുകൊണ്ട് ഇങ്ങിനെ അനാവശ്യമായ ഉദ്യോഗങ്ങൾ കുറയ്ക്കുകയാണ് വേണ്ടതു്. റിട്രെഞ്ചുമെൻറിൻെറ തത്വം മറ്റു ഡിപ്പാർട്ടുമെണ്ടുകളിലും അംഗീകരിക്കേണ്ടതാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞതു്.

Mr President: Is it speech or question?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറ്റു ഡിപ്പാർട്ടുമെണ്ടുകളിലും റിട്രെഞ്ചുമെൻറ് ഉദ്ദേശിച്ചിട്ടുണ്ട്.

PURCHASE PRICE OF THE POWER HOUSE OF THE C. S. P. & L. CORPORATION LTD.— PARTICULARS OF

145. (260A) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തെ കൊച്ചിൻ സ്റ്റോറ്റ് പവ്വർ ആൻറ് ലൈറ്റ് കോർപ്പറേഷൻെറ (ചാന്ദ്രി കമ്പനി) പവ്വർ സ്റ്റേഷൻ ഗവർമ്മെണ്ടു തീറു വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു വിലയ്ക്കു്;

(ബി) ഇതിനു വല്ല വിദഗ്ദ്ധോപദേശവും ഗവർമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്റ്റേഷനേറയും അവിടത്തെ സ്റ്റാഫിനേറയും, ചിലവു ഗവർമ്മെണ്ടാണോ വഹിക്കുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) എറണാകുളത്തുള്ള കൊച്ചിൻ സ്റ്റോറ്റ് പവ്വർ ആൻറ് ലൈറ്റ് കോർപ്പറേഷൻെറ പവ്വർ ഹൌസ്സ് ഗവർമ്മെണ്ട് തീറു വാങ്ങിയിട്ടുണ്ട്. ൧,൭ ൦,൦൦൦ ഉറുപ്പികക്കു്.

(ബി) പൊതുമരാമത്തു മന്ത്രി, ചീഫ് എഞ്ചിനിയർ, ഗവർമ്മെണ്ടു് സിക്രട്ടറി, (പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെണ്ടു്) കൺട്രോളർ ഓഫ് ഫൈനാൻസ് ആൻഡ് അക്കൌണ്ട്സ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എലക്ട്രിക്കൽ ഡിവിഷൻ ഇവരെല്ലാവരുമായി കൂടിയാലോചന നടത്തിയതിനുശേഷമാണ് പവ്വർഹൌസ്സ് വാങ്ങുവാൻ തീരുമാനിച്ചതു്.

(സി) അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: എന്നാണ് ഗവർമ്മെണ്ടിതു വാങ്ങിയതു്?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഗവർമ്മെണ്ടു് ഇതു വാങ്ങിയതിനു ശേഷം അവിടത്തെ തൊഴിലാളികൾക്കു ചാന്ദ്രിക്കമ്പനിക്കാർ കൊടുത്തിരുന്നതുപോലേയുള്ള ആനുകൂല്യങ്ങൾ ഗവർമ്മെണ്ടു് കൊടുക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവർ കൊടുത്തിരുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കുമെന്നാണ് തോന്നുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ആ കമ്പനി ഗവർമ്മെണ്ടേറ്റെടുത്തപ്പോൾ അതിൽ ജോലി ചെയ്യുന്ന ആളുകൾക്കു് അതിനുമുമ്പു് ആ കമ്പനിയിലുണ്ടായിരുന്ന സർവ്വിസ് ഗവർമ്മെണ്ടു് വകവെച്ചു കൊടുത്തിട്ടുണ്ടോ?

Mr. K. Ayyappan: These questions do not arise. I am not prepared to answer these supplementary question.

മിസ്റ്റർ വി. കെ. ജോസഫ്: ഈ കമ്പനി തീറു വാങ്ങുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: വാങ്ങേണ്ടതു് ആവശ്യമാണെന്നു ഗവർമ്മെണ്ടിനു തോന്നിയതുകൊണ്ടാണ് വാങ്ങിയതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. കെ. ജോർജ്ജ്: തീറവാങ്ങിയാൽ അതിന്റെ പ്രവത്തനം തൃപ്തികരമായിത്തീരുമെന്നവിചാരിച്ചിട്ടാണൊ അങ്ങിനെ ചെയ്യുത്?

മിസ്റ്റർ കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ കെ, കരുണാകരൻ: ഇതിൽ ചീഫ് എഞ്ചിനീയരുടെ അഭിപ്രായം എന്തായിരുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: ചീഫ് എഞ്ചിനീയരും കൂടി സമ്മതിച്ചിട്ടാണ് ഇതു വാങ്ങിയതു്.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ഇതു തീറ വാങ്ങുന്ന കാലത്തു എറണാകുളം ടൌണിൽ കറണ്ടു സപ്ലൈ (Current Supply) ചെയ്യുകൊള്ളാമെന്ന നിശ്ചയമുണ്ടായിരുന്നതായി അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: എറണാകുളംടൌണിൽ കറൻറു സപ്ലൈ ചെയ്യുന്നതു് ഇപ്പോഴും ചാന്ദ്രികമ്പനിക്കാരാണു്.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: എത്ര രൂപക്കാണു വാങ്ങിയതു്?

മിസ്റ്റർ കെ. അയ്യപ്പൻ: എല്ലാംകൂടി ഒരുലക്ഷത്തി എഴുപതിനായിരം രൂപക്കാണു് വാങ്ങിയതു്. അതിൽ മിഷ്യനറിക്കുതന്നെ ഒരു ലക്ഷത്തി അയ്യായിരം രൂപ വിലയാണു്.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: വഴിയിലിട്ടിരിക്കുന്ന ലയിനുകളും ആരുടെ കയ്യിലാണു്?

മിസ്റ്റർ കെ. അയ്യപ്പൻ: എനിക്കു നല്ല നിശ്ചയമില്ല.

മിസ്റ്റർ എം. ഐ. പോൾ: ആ മിഷ്യൻ വക്കു ചെയ്യുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: വക്കുചെയ്യുന്നില്ല. പക്ഷേ വക്കുബിൾ (workable) ആണു്.

Mr. President: It has got a very remote connection with this.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: പവ്വർ സ്റ്റേഷൻ ഗവമ്മെണ്ടു് തീറെടുക്കുന്നകാലത്തു് ടൌണിൽ കറൻറു സപ്ലൈചെയ്യുകൊള്ളാമെന്നു കമ്പനിക്കാർ ഏറ്റിട്ടുള്ളതല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോഴും അവർ തന്നെയാണു സപ്ലൈ ചെയ്യുന്നതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഗവമ്മെണ്ടിന്റെ കൺട്രോളിൽ കൊണ്ടു വരേണ്ടതു് ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണോ പവ്വർ ഹൌസ്സു് തീറവാങ്ങിയതു്?.

മിസ്റ്റർ കെ. അയ്യപ്പൻ: ശരിയായ വിധത്തിലുള്ള ആലോചന നടത്തിയ ശേഷമാണു് ഇതു വാങ്ങിയതു്.

മിസ്റ്റർ എം. ഐ. പോൾ: അതു നിത്തുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ കെ. അയ്യപ്പൻ: ഇവിടെ ആവശ്യമായ കറൻറു മുഴവൻ കൊടുക്കാൻ ആ മിഷ്യൻ കൊണ്ടു് സാദ്ധ്യമല്ല. മറേറ കറൻറു കിട്ടാൻ പെട്ടെന്നു എന്തെങ്കിലും തടസ്ഥം വരുമ്പോൾ ഇതു വക്കു ചെയ്യു കറൻറു കൊടുക്കാൻ സാധിക്കും. അതിനു വേണ്ടിയാണു നിത്തിയിരിക്കുന്നതു്.

മിസ്റ്റർ ടി. പി. സീതാരാമൻ: അത്യാവശ്യമായ സമയങ്ങളിൽ ലൈറു് കെട്ടുപോകുന്നതിനെ സംബന്ധിച്ചു് ഗവർമ്മെണ്ടു് വല്ല നടപടികളുമെടുക്കാറുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇലക്ടിക്കു് ലൈറാണെങ്കിൽ ചിലപ്പോൾ കെട്ടുപോയി എന്നു വരാം. ഉദ്ദേശിക്കുന്ന സമയത്തു ചിലപ്പോൾ ലൈറു് കിട്ടിയില്ലായെന്നു വരാം. ലണ്ടൻ ഹോസ്പിറലിൽ എപ്പോഴും ക്യാൻറിൽ വച്ചുകൊണ്ടിരിക്കും. ഓപ്പറേഷൻ സമയത്തു ഇലക്ടിക്കു ലൈറു് കെട്ടുപോയാൽ അതിനു തടസ്ഥം വരാതിരിക്കാൻ വേണ്ടിയാണു അങ്ങിനെ ചെയ്യുന്നതു്. ഇലക്ടിക്കു ലൈറു്, ഫൌണ്ടൻ പേന മുതലായ സാധനങ്ങൾ ചിലപ്പോൾ നമുക്കാവശ്യപ്പെടുന്ന സമയത്തു ഉപകരിക്കുകയില്ലെന്നുള്ളതു ബഹുമാനപ്പെട്ട മെമ്പർമാർക്കുതന്നെ അറിയാമല്ലോ.

മിസ്റ്റർ എം. ഐ. പോൾ: അവിടെ അസംബ്ലി കൂടിയിരിക്കുമ്പോൾ, ലൈറു് കെടാറുപതിവുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: എത്ര വളരെ ശ്രദ്ധയോടുകൂടി ചെയ്താലും ഇതു ചിലപ്പോൾ ഫെയിലിയറായി എന്നു വരാം. ന്യൂഡൽഹിയിൽ ആസ്സംബ്ലി ഹാൾ ആലോഷത്തിനു ലൌഡ്സ്പീക്കർ ഫിറു ചെയ്തിരുന്നതു, മൌണ്ട്ബാറൻ പ്രഭുതന്നെ പരിശോധിക്കുകയുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യി. അപ്പോൾ സ്റ്റെയറായി ഒരു സെറ്റ കൂട്ടി വെച്ചിട്ടുണ്ടോ എന്നു ചോദിച്ചു. ഇല്ലെന്നു പറയുകയാൽ ഒരു സെറ്റുകൂടി വെക്കാൻ ഏർപ്പാടുചെയ്തു. അസൈൺസ്മെൻറ ചെയ്യുന്നതിനു പുറപ്പെട്ടപ്പോൾ ആദ്യം വച്ചിരുന്ന ലൈഡ്സ്ലീക്കർ ഫെയിലിയറായി. സ്റ്റെയർ സെറ്റ് വയ്ക്കാതിരുന്നു എങ്കിൽ അവിടെ വിഷമിക്കുമായിരുന്നു. ഈ കാര്യം ഒന്നു വിശദമാക്കുന്നതിനു വേണ്ടിയാണു ഞാൻ ഇതു പറയുന്നതു്. അത്രത്തോളം പ്രീക്കോഷൻ എടുത്തിട്ടുപോലും അവിടെ അങ്ങിനെ സംഭവിച്ചു എന്നാണു് മനസ്സിലാകുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: ഒരു ലക്ഷത്തി എഴുപതിനായിരം രൂപ വിലകൊടുത്തു വാങ്ങിയ ഒരു പവ്വർ ഹൌസ്, റിസർവ്വു ചെയ്യുവച്ചിട്ടും നമ്മുടെ അസംബ്ലി കൂടിയപ്പോൾ വിളക്കു കെട്ട സമയത്തു കറൻറ സപ്ലൈ ചെയ്യാൻ സാധിച്ചില്ല.

മിസ്റ്റർ പ്രസിഡണ്ടു്: തീറുവാങ്ങിയ കാര്യവും, ഇതുമായി എന്താണു് ബന്ധമുള്ളതു്?

മിസ്റ്റർകെ. ഡബ്ലിയു. മുരളീധരമാരാർ: പവ്വർ സപ്ലൈ ഗവൺമെണ്ടിൽനിന്നു നേരിട്ടു നടത്താൻ ആലോചനയുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾ ആലോചിച്ചിട്ടില്ല. ഈ അസംബ്ലി കൂടിയിരിക്കുമ്പോൾ വിളക്കു കെട്ടതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്നതു കേട്ടാൽ ഇതിൻെറ സമ്പ്രദായം ചിലർ ധരിച്ചിട്ടില്ലെന്നു തോന്നിപ്പോകും. ആരുടേയും ഉപേക്ഷ കൊണ്ടല്ല ചിലപ്പോൾ ഇങ്ങിനെ വരുന്നതു്, അതു് ഇതിൻെറ സമ്പ്രദായമാണു്, ഇതു ശരിയായി ധരിക്കാതെയാണു് ഏതെങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതു് എങ്കിൽ പരമാർത്ഥം അറിയിക്കാൻ വേണ്ടി ഇത്രയും പറഞ്ഞതാണു്.

LANDS SET APART FOR EX-SERVICEMEN, &c.—EXTENSION OF LEASE UNDER FOOD PRODUCTION SCHEME—DETAILS—FURNISHING OF

146. (20) **Mr. C. V. Iyyu** (*Kunnamkulam*): Will Government be pleased to state.—

(*a*) whether the Governmet has extended the food production lease last year of lands demarcated under the land grant scheme for ex-services and serving personnel of the Defence Services of the Government of India and of this State;

(*b*) if so, why;

(*c*) whether ex-servicemen who are interested in agriculture will not be able to produce the same quantity of food from the same lands as others;

(*d*) whether they are going to further extend the food production leases and thus postpone granting of lands to ex-services and serving personnel?

Mr. E. Ikkanda Warriar (*Prime Minister*):

(*a*) Yes.

(*b*) On paramount consideration of the food supply of the State.

(*c*) In the interest of food production Government thought the best course was to extend the period of the leases at the time.

(*d*) The question has not yet been decided.

Mr. C .V. Iyyu (*Kunnamkulam*): May I know whether the ex-service men also will not be equally competent to produce food as others, as they are our own natives.

Mr. E. Ikkanda Warrier (*Prime Minister*): It is always pleasing to give. But it is very unpleasant to take away and then give to somebody else. Probably, that might be one of the reasons.

Mr. C. V. Iyyu (*Kunnamkulam*): When lands were leased, were not those lands leased on this particular condition that when, those who have been recruited to various branches of fighting services return after war, these lands will have to be given to the ex-ervicemen ?

Mr. E. Ikkanda Warrier (*Prime Minister*): I have not looked into the lease deeds. I shall note that.

Mr. President: Question Nos. 147 and 153 may be put together as they relate to the same matter.

LIBRARY ARCHIVES Kerala Legislative Assembly